4611/2024

അനുബന്ധം എച്ച്-4

## നോട്ടീസ്

ശ്രീ.സേതുരാഘവൻ.കെ, ക്ലാർക്ക്, ICDS ഒല്ലൂക്കര. താങ്കൾക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ അടങ്ങിയ കുറ്റാരോപണ പത്രവും, കുറ്റപത്രവും നൽകികൊണ്ടുള്ള അറിയിപ്പ്. 05/04/2022 ലെ SJD/3833/2020-E2 നമ്പർ കത്ത് പ്രകാരം താങ്കളുടെ അറിയപ്പെടുന്ന മേൽവിലാസത്തിൽ തപാൽ മാർഗ്ഗം അയച്ച നൽകിയിട്ടുള്ളതും 1960-ലെ കേരള സിവിൽ സർവീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ, അപ്പീൽ) റൂൾസ്, പ്രകാരം അച്ചടക്കനടപടി സ്വീകരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ താങ്കളുടെ രേഖാമൂലമുള്ള വിശദീകരണം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ താങ്കൾക്കെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസും, കുറ്റപത്രവും അടങ്ങിയ കവർ തപാൽ അധികാരികൾ താങ്കൾക്ക് വിതരണം ചെയ്യാൻ സാധിക്കാതെ പോസ്റ്റൽ ഡിപാർട്ട്മെന്റിൽ നിന്നും വകുപ്പിൽ തിരികെ ലഭ്യമായിട്ടുണ്ട്.

ആയതിനാൽ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ കൃത്യം 15 ദിവസത്തിനുള്ളിൽ താങ്കളുടെ രേഖാമൂലമുള്ള വിശദീകരണം, ആരോപണങ്ങൾക്കെതിരെ ബോധിപ്പിക്കേണ്ട കാര്യങ്ങൾ, രേഖാമൂലമുള്ള പ്രതിരോധ പ്രസ്താവനയോ മറ്റ് വിശദീകരണമോ ലഭിച്ചില്ലെങ്കിൽ, താങ്കൾക്ക് ടി വിഷയത്തിന്മേൽ കൂടുതൽ ഒന്നും ബോധിപ്പിക്കാൻ ഇല്ലായെന്ന് അനുമാനിച്ച് താങ്കൾക്കെതിരെയുള്ള അച്ചടക്കനടപടി തുടരുന്നതാണ്.

കുറ്റാരോപണ പത്രികയുടേയും കുറ്റപത്രത്തിന്റേയും പൂർണ്ണമായ രൂപം താങ്കൾക്ക് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന ദിവസങ്ങളിൽ (കലണ്ടർ അവധി ദിവസങ്ങൾ ഒഴികെ) രാവിലെ 10.15 നും 5.15 നുമുള്ള സമയം ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം പക്കൽ നിന്നും അപേക്ഷ സമർപ്പിക്കുന്ന മുറക്ക് ലഭ്യമാകുന്നതാണ്.

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ(I/C)

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം.

സ്വീകർത്താവ്

ശ്രീ.സേതുരാഘവൻ.കെ,

കരിയക്കാട്ടിൽ ഹൗസ്,

എടത്തിരിഞ്ഞി പി.ഒ,ഇരിങ്ങാലക്കട,തൃശ്ശൂർ-680122